**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1360** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ .പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്തെന്ന് വിശദമാക്കുമോ; ഇത്തരത്തിൽ പ്രവർത്തനം അവസാനിപ്പിച്ച വിദ്യാലയങ്ങൾ തുടർന്നു പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; | (എ) | സംസ്ഥാനത്ത് നിലവിലുള്ള എല്ലാ എം.ജി.എൽ.സികളും അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ അക്കാദമിക ലക്ഷ്യവും സാമൂഹിക ലക്ഷ്യവും നേടണമെങ്കിൽ അഭിലഷണീയമായ എണ്ണം കുട്ടികൾ സ്കൂളുകളിൽ ഉണ്ടാകണം. സ്കൂളുകളെ സംബന്ധിച്ചിട്ടത്തോളം ക്ലാസ്സ് മുറികൾ സ്മാർട്ടായി, സ്കൂളുകൾ ഹൈടെക്ക് ആയി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ സൗകര്യങ്ങൾ പരിമിതമായ എം.ജി.എൽ.സി.കളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ അവകാശം നിഷേധിക്കലാണ്. എം.ജി.എൽ.സിയിലെ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുമായി താരതമ്യപ്പെടുത്തുമ്പോൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പരിമിതികൾ കാണുന്നു. പ്രസ്തുത സാഹചര്യത്തിലാണ് എൽ.പി. സ്കൂളുകളിൽ എത്തിച്ചേരാൻ സാധിക്കുന്ന എം.ജി.എൽ.സിയിലെ വിദ്യാർത്ഥികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.കെ. എന്നീ സംവിധാനങ്ങളിലൂടെ സ്കൂളുകളിൽ എത്തിക്കേണ്ടത് അനിവാര്യമായി വന്നു ചേർന്നത്.<br><br>ഇത്തരത്തിൽ പ്രവർത്തനം അവസാനിപ്പിച്ച എം.ജി.എൽ.സി.കളിൽ മലപ്പുറം ജില്ലയിലെ ചുവടെ പറയുന്ന 6 എം.ജി.എൽ.സികളെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം നിലനിർത്തിയിട്ടുണ്ട്.<br><br>അരിമംഗലം<br><br>അരിമണൽ<br><br>മഞ്ഞൾപ്പാറ |

| | | | |
|---|---|---|---|
| | | | തരിക്കുളം<br><br>കാളംതിരുത്തി<br><br>മേൽമുറി |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപകരായി ജോലി നോക്കിയവരെ ഏതൊക്കെ തസ്തികളിലാണ് നിയമിച്ചത്; | (ബി) | എം.ജി.എൽ.സി കളിൽ സേവനം അനുഷ്ഠിച്ചിരുന്ന വിദ്യാവോളന്റിയർമാരെ അവർ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഉള്ള പി.റ്റി.സി.എം/ എഫ്.റ്റി.എം. ഒഴിവുകളിൽ ആണ് നിയമിച്ചിട്ടുള്ളത്. |
| (സി) | ഇവരെ അദ്ധ്യാപകരായി തന്നെ നിയമിക്കണമെന്ന ആവശ്യം അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | എം.ജി.എൽ.സികളിലെ വിദ്യാവോളന്റിയർ മാരിൽ വളരെ ചുരുക്കം പേരൊഴികെ മറ്റുള്ളവർ എസ്.എസ്.എൽ.സി യോഗ്യത മാത്രമുള്ളവർ ആണ്. ആയതിനാൽ ഇവർക്ക് നേരിട്ട് അധ്യാപകരായി നിയമനം നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ